പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 250

02/03/2020 ൽ മറുപടി നല്കേണ്ടത്.

## കൃത്രിമപാൽ വിപണനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ വഴിയോരങ്ങളിലുള്ള തട്ടുകടകളിലും ഹോട്ടലുകളിലും ചായയ്ക്കായി ഉപയോഗിക്കുന്ന 'പാൽ' രാസപദാർത്ഥങ്ങൾ ചേർത്ത് കൃത്രിമമായി ഉണ്ടാക്കി വിപണനം ചെയ്യുന്നതാണെന്നുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ; | (എ) രാസപദാർത്ഥങ്ങൾ ചേർത്ത് കൃത്രിമമായി പാൽ ഉണ്ടാക്കി വിപണനം ചെയ്യുന്നതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക; വിശദവിവരം നൽകുമോ; | (ബി) സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തൊട്ടാകെ 2019 ജനുവരി മുതൽ നടത്തിയ 1072 പരിശോധനകളിൽ 347 പാൽ സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ നടത്തിയ പരിശോധനകളിൽ ഒന്നിലും രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നതുൾപ്പെടെയുള്ള പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ആഘോഷവേളകളിൽ ക്ഷീര വികസന വകുപ്പിന്റെ സഹകരണത്തോടെയും മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ചും ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. ടി പരിശോധനയിൽ ഗുണ നിലവാരമില്ലാത്തതാണെന്ന് കണ്ടെത്തുന്ന പക്ഷം 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണ നിലവാര പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. |

(സി) ഈ പരിശോധനയുടെ ഭാഗ (സി) മായി സംസ്ഥാനത്ത് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

2019 ജനുവരി മുതൽ ശേഖരിച്ച സാമ്പിളുകൾ പരിശോധന നടത്തിയതുപ്രകാരം 3 അഡ്ജ്യൂഡിക്കേഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ നടത്തിയ പരിശോധനയിൽ യൂസ്ബൈഡേറ്റ് ഇല്ലാതെ വന്ന 90 കവർ പാൽ പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ